**15.03.2018 ന് കുടുംബശ്രീ സംസ്ഥാന മിഷനിൽ സാമൂഹ്യ വികസന പ്രോഗ്രാം ഓഫീസർ ശ്രീമതി. അമൃത ജി.എസിന്റെ നേതൃത്വത്തിൽ നടന്ന ബാലസഭ ഏകദിന ശില്പശാലയുടെ നടപടിക്രമം.**

പ്രസ്തുത ശില്പശാലയിൽ ജില്ലാ സാമൂഹ്യ വികസന എ.ഡി.എം.സി മാർ, സ്റ്റേറ്റ് അസിസ്റ്റന്റ് പ്രോഗ്രാം മാനേജർമാർ, സാമൂഹ്യ വികസന ജില്ലാ പ്രോഗ്രാം മാനേജർമാർ, ബാലസഭ റിസോഴ്സ് പേഴ്സൺമാർ എന്നിവർ പങ്കെടുത്തു.

ബാലസഭയുടെ പൊതുവായ പ്രവർത്തനങ്ങളെക്കുറിച്ച് പ്രോഗ്രാം ഓഫീസർ സംസാരിച്ചു. ബാലസഭയുടെ ഭാവി പ്രവർത്തനങ്ങൾ ഏതു രീതിയിലായിരിക്കണം എന്നും നിലവിൽ ബാലസഭ പ്രവർത്തനങ്ങൾ നേരിടുന്ന പ്രതിസന്ധികളെക്കുറിച്ചും തുടർന്നു നടന്ന യോഗത്തിൽ ചർച്ച ചെയ്തശേഷം ജില്ലകളുടെ ബാലസഭാ പ്രവർത്തനങ്ങൾ സംബന്ധിച്ച അവലോകനവും വിലയിരുത്തലും നടന്നു. ജില്ലകളുടെ ആഭിമുഖ്യത്തിൽ നടന്ന പരിപാടികളായ കുറുമ്പെഴുത്ത് ഇ-മാഗസീൻ, കളിക്കൂട്ടം, ഒ.എൻ.വി. അനുസ്മരണം, ഒപ്പരം, നിറവ് 2018, ചെസ്സ് ഒളിമ്പ്യാഡ്, ലസ്സിതം, സമീക്ഷ, ഖസാക്കിലേയ്ക്കൊരു യാത്ര, കലപില ക്യാമ്പ്, ഇൻസൈറ്റ് പ്രോഗ്രാം, ബാലസൗഹൃദ പഞ്ചായത്ത്, എസ്.ഒ.എസ്. വില്ലേജിലും അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെയും സ്പെഷ്യൽ ബാലസഭകളുടെ രൂപീകരണം. പുസ്തകയാത്രയിലൂടെ ആരംഭിച്ച ലൈബ്രറികൾ എന്നിവയുടെ പ്രവർത്തനം ജില്ലകൾ അവതരിപ്പിച്ചു.

തുടർന്നു 2018-19 ലെ കർമ്മ പദ്ധതി ആസൂത്രണത്തിനായി യോഗത്തിൽ പങ്കെടുത്തവർ 5 ഗ്രൂപ്പുകളായി തിരിഞ്ഞു. ഓരോ ഗ്രൂപ്പും ഓരോ വിഷയം ചർച്ച ചെയ്തു. **കാര്യക്ഷമത പരിപോഷണം, സർഗ്ഗാത്മക ക്യാമ്പെയിനുകൾ, 2018 ലെ പ്രമേയം, ബാലപാർലമെന്റ്, ബാലസഭയുടെ നവീകരണം** എന്നിവയാണ് ഗ്രൂപ്പുകൾ ചർച്ച ചെയ്ത വിഷയങ്ങൾ.

തുടർന്നുള്ള യോഗത്തിന്റെ നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു

**കാര്യക്ഷമത പരിപോഷണം**

- ബാലസഭയ്ക്ക് മാത്രമായി സ്ഥിരമായി പ്രവർത്തിക്കുന്ന ആർ.പി.മാരെ നിയോഗിക്കണം.
- പുതിയ ചെയർപേഴ്സൺ, എഡിഎസ്, ആർ.പി.മാർ, തുടങ്ങിയവർക്ക് പരിശീലനം നൽകണം.

- എല്ലാ സിഡിഎസ്സിലും ബാലസഭാ രജിസ്റ്റർ തയ്യാറാക്കി വയ്ക്കുന്നതിന് സ്ഥിരം സംവിധാനം ഉണ്ടായിരിക്കണം.
- ബാലസഭ സംവിധാനം ശക്തിപ്പെടുത്തുന്നതിന് പഞ്ചായത്ത് പദ്ധതി രൂപീകരണത്തിൽ ബഡ്ജറ്റിൽ ഉൾപ്പെടുത്തണം.

**സർഗ്ഗാത്മക ക്യാമ്പെയിനുകൾ**

- വായനാശീലം വളർത്തുക
- പ്രകൃതിയെ കണ്ടെത്തൽ
- ഇ വേസ്റ്റ് മാനേജ്മെന്റ് ക്യാമ്പെയിൻ
- ബാലാവകാശ വിജ്ഞാന കളരി
- ലസ്സിതം വയനാട് മോഡൽ

**2018 ലെ പ്രമേയം**

- പരിസ്ഥിതി സൗഹൃദമീ ബാല്യം
- വിത്തുംകൈക്കോട്ടും
- സുസ്ഥിര വികസനം കുട്ടികളിലൂടെ
- ഒന്നിച്ചിരിക്കാം ഒന്നിച്ചുക്കൂടാം

**ബാലപാർലമെന്റ്**

- ആർ.പി.മാർക്കുള്ള സംസ്ഥാനതല പരിശീലനം ഏപ്രിൽ ആദ്യവാരം നടത്തണം
- ജില്ലാതല പരിശീലനം ഏപ്രിൽ രണ്ടാംവാരം നടത്തണം
- സംസ്ഥാനതല ബാല പാർലമെന്റ് മെയ് മാസം നടത്തണം
- മാറാം ഭൂമിയുടെ പുതപ്പായി, കൈക്കോർക്കാം നാടിന്റെ നന്മയ്ക്കായി – ഹരിത പ്രോട്ടോകോൾ പാലിച്ച് ബാലപാർലമെന്റ് നടത്തണം

**ബാലസഭയിലെ നവീകരണം**

- ബാലസഭാ ദിനം ആഘോഷിക്കണം
- ബാലസഭാ കലോത്സവം (വാർഡുതലം മുതൽ ജില്ലാതലം വരെ)
- വിവിധ വകുപ്പുകളുമായി സംയോജിച്ചുകൊണ്ട് ബാലസഭാ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക

വാർഡ് തലത്തിൽ എഡിഎസ്മാരെ ശക്തിപ്പെടുത്തുകയും അവരിലൂടെ ബാലസഭാ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുകയും ചെയ്യണം.

പദ്ധതി പ്രവർത്തനങ്ങളെ സംബന്ധിച്ച മേൽ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കും ശേഷം യോഗം 5.30 പി.എം. ന് അവസാനിച്ചു.

ആലോചന യോഗത്തിൽ തീരുമാനിച്ച വാർഷിക കർമ്മ പദ്ധതി സംബന്ധിച്ച പരിപത്രവും, ബാലസഭാ അംഗത്വ രജിസ്ട്രേഷൻ ഫോറത്തിന്റെ പകർപ്പും ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ബാലസഭാ അംഗത്വ രജിസ്ട്രേഷന്റെ ഫോറത്തിന്റെ സോഫ്റ്റ് കോപ്പി ജില്ലാ മിഷൻ എല്ലാ സിഡിഎസ്സുകൾക്കും ലഭ്യമാക്കേണ്ടതാണ്.

പ്രോഗ്രാം ഓഫീസർ (എസ്.ഡി)
കുടുംബശ്രീ